**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2004** **16-03-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് 3ജി, 4ജി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 3ജി, 4ജി പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി കേന്ദ്രസർക്കാർ സ്ഥാപനങ്ങളും, സ്വകാര്യടെലികോം സർവ്വീസ് പ്രൊവൈഡർമാരും എത്ര കിലോമീറ്റർ ദൂരമാണ് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ശൃംഖല സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയാമോ ; ഓരോ ഏജൻസികളും എത്രദൂരം കേബിൾ സ്ഥാപിച്ചു; വിശദാംശം അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് ടെലികോം/ഇന്റർനെറ്റ് സേവനങ്ങൾക്കായി വിവിധ സ്വകാര്യ ടെലികോം സർവീസ് പ്രൊവൈഡർമാരും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ-ലും ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. 15.9.2015 ലെ സ.ഉ.(കൈ)നം.39/2015/ വി.സ.വ. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ റോഡ് ശൃംഖലകളിലൂടെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള റൈറ്റ് ഓഫ് വേ (RoW) മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുതുക്കിയ മാനദണ്ഡങ്ങൾക്ക് വിധേയമായി സ്വകാര്യ ടെലികോം സർവീസ് പ്രൊവൈഡർമാർക്ക് 17,400 ഓളം കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും അതിൽ 11,000 ഓളം കിലോമീറ്റർ കേബിളുകൾ പൂർത്തീകരിക്കുകയുമുണ്ടായി. 3G, 4G സേവനങ്ങൾക്കായി ബി.എസ്.എൻ.എൽ 23,400 ഓളം കിലോമീറ്റർ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ് വർക്ക് (കെ-ഫോൺ) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം കേബിളുകൾ വലിക്കുന്ന ജോലികൾ പുരോഗമിച്ച് വരികയാണ്. ഇതിനോടകം പതിനാറായിരത്തിലധികം കിലോമീറ്റർ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഇനത്തിൽ ഓരോ സർവ്വീസ് പ്രൊവൈഡർമാരിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിച്ച ഡെപ്പോസിറ്റ്, സർവ്വീസ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ വിശദീകരിക്കാമോ ; | (ബി) | റൈറ്റ് ഓഫ് വേ (Right of Way) അനുമതി നൽകുന്നതിനായുള്ള പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം ടെലികോം സേവനദാതാക്കൾ ഒരു കിലോമീറ്ററിന് 75,000/- രൂപ എന്ന നിരക്കിൽ വൺ ടൈം കോൺട്രിബ്യൂഷൻ (One Time Contribution) അടയ്ക്കേണ്ടതുണ്ട്. ഇപ്രകാരം, സ്വകാര്യ ടെലികോം സേവനദാതാക്കളിൽ നിന്നും നാളിതുവരെ വൺ ടൈം കോൺട്രിബ്യൂഷൻ (One Time Contribution) ഇനത്തിൽ ₹ 130,48,38,825 (നൂറ്റി മുപ്പത് കോടി |

| | | | |
|---|---|---|---|
| | | | നാൽപ്പത്തിയെട്ടു ലക്ഷത്തി മുപ്പത്തി എണ്ണായിരത്തി എണ്ണൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. ടി തുകയിൽ നിന്നും ₹ 100,39,10,416 (നൂറു കോടി മുപ്പത്തിയൊൻപതു ലക്ഷത്തി പതിനായിരത്തി നാന്നൂറ്റി പതിനാറു രൂപ മാത്രം) വിവിധ ഇനത്തിൽ വിനിയോഗിച്ചിട്ടുണ്ട്. വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത തുക എന്തെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചു എന്ന് വ്യക്തമാക്കാമോ ? | (സി) | റൈറ്റ് ഓഫ് വേ (Right of Way) അനുമതി നൽകുന്നതിനായുള്ള പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം ടെലികോം സേവനദാതാക്കൾ ഒരു കിലോമീറ്ററിന് 75,000/- രൂപ എന്ന നിരക്കിൽ വൺ ടൈം കോൺട്രിബ്യൂഷൻ (One Time Contribution) അടയ്ക്കേണ്ടതുണ്ട്. ഇപ്രകാരം, സ്വകാര്യ ടെലികോം സേവനദാതാക്കളിൽ നിന്നും നാളിതുവരെ വൺ ടൈം കോൺട്രിബ്യൂഷൻ (One Time Contribution) ഇനത്തിൽ ₹ 130,48,38,825 (നൂറ്റി മുപ്പത് കോടി നാൽപ്പത്തിയെട്ടു ലക്ഷത്തി മുപ്പത്തി എണ്ണായിരത്തി എണ്ണൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. ടി തുകയിൽ നിന്നും ₹ 100,39,10,416 (നൂറു കോടി മുപ്പത്തിയൊൻപതു ലക്ഷത്തി പതിനായിരത്തി നാന്നൂറ്റി പതിനാറു രൂപ മാത്രം) വിവിധ ഇനത്തിൽ വിനിയോഗിച്ചിട്ടുണ്ട്. വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ